"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - തേക്കടി സ്റ്റേറ്റ് ഹൈവേ (നാസ് റോഡ്) നിർമ്മാണം - ശ്രീ. സെയ്തുമുഹമ്മദ് ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 10381/2023 നമ്പർ കേസിലെ 22/03/2024 തീയതിയിലെ വിധി പ്രകാരം നഷ്ടപരിഹാരത്തുക നൽകുന്നതിന് - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.925/2025/PWD തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ WP(C) 10381/2023 നമ്പർ കേസിലെ 22/03/2024 തീയതിയിലെ വിധി
2. നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 01-01-2025, 03-06-2025 തീയതികളിലെ CEPWD/23349/2024-FR1(F)-RD നമ്പർ കത്തുകൾ

**ഉത്തരവ്**

തേക്കടി സ്റ്റേറ്റ് ഹൈവേ (നാസ് റോഡ്) നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. സെയ്തുമുഹമ്മദ് എന്ന വ്യക്തി ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 10381/2023 നമ്പർ കേസിലെ പരാമർശം (1) വിധി പ്രകാരം നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള ഭരണാനുമതി അനുവദിക്കുന്നതിനായി നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത കേസിന്റെ വിധി പ്രകാരം ശ്രീ. സെയ്തുമുഹമ്മദ് എന്ന വ്യക്തിയുടെ മാറാടി വില്ലേജിൽപ്പെട്ട 0.21 ആർ അധികം സ്ഥലം ഏറ്റെടുത്തതിന് ഹർജിക്കാരന് നഷ്ടപരിഹാരം നൽകവാൻ ഉത്തരവായിട്ടുള്ളതാണെന്നും ടി കേസിൽ നഷ്ടപരിഹാരം നൽകുവാൻ കാക്കനാട് സ്പെഷ്യൽ തഹസിൽദാർ ലഭ്യമാക്കിയ സെപ്റ്റംബർ 30 വരെയുള്ള പുതുക്കിയ കണക്ക് പത്രിക പ്രകാരം ₹4,43,955/- രൂപയ്ക്കുള്ള (നാല് ലക്ഷത്തി നാല്പത്തി മൂവായിരത്തി തൊള്ളായിരത്തി അൻപത്തിയഞ്ചു രൂപ മാത്രം) ഭരണാനുമതി 5054-04-337-80-(പി)-(സി) എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) കത്തിൽ സൂചിപ്പിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ബഹു. കേരള ഹൈക്കോടതിയിലെ 10381/2023 നമ്പർ റിട്ട് പെറ്റീഷൻ (സിവിൽ) കേസിന്റെ പരാമർശം (1) വിധി പ്രകാരമുള്ള ഉത്തരവ് നടപ്പാക്കുന്നതിന് ₹4,43,955/- രൂപയുള്ള (നാല് ലക്ഷത്തി നാല്പത്തി മൂവായിരത്തി തൊള്ളായിരത്തി അൻപത്തിയഞ്ചു രൂപ മാത്രം) ഭരണാനുമതി 5054-04-337-80-(പി)-(സി) എന്ന ശീർഷകത്തിൽ അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SMITHA A S
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 25-06-2025 12:40:41
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ചീഫ് എഞ്ചിനീയർ (നിരത്തു വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ് മദ്ധ്യമേഖല, ആലുവ.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, മൂവാറ്റുപുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി